
# ബൈബിൾ സത്യം



# THE BIBLE TRUTH

| ഒരു വർഷത്തേക്കുള്ള വാക്യപഠനം | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
| ആത്മാവ് നേടൽ | പ്രവൃത്തി 20:20 | മത്തായി 9.37–38 | മത്തായി 5:13 | റോമർ 4:2,3 | 1കൊരിന്ത്യർ 5:58 | മർക്കൊസ് 5:19 | ലൂക്കൊസ് 19.10 | റോമർ 10:1 | സദൃശവാക്യം 1:10 | യാക്കൊ 5:19 | മർക്കൊസ് 1:17 | ലൂക്കൊസ് 15:10 |
| ആത്മസമർപ്പണം | മത്തായി 4:4 | ഫിലിപ്പിയർ 1:21 | റോമർ 12:1,2 | എഫെ 2:10 | ലൂക്കൊസ് 14:27 | മത്തായി 6:33 | മത്തായി 4:10 | മത്തായി 10:37 | കൊലൊസ്യർ 3:17 | ഗലാത്യർ 2:20 | 2കൊരിന്ത്യർ 5:17 | ലൂക്കൊസ് 9:23 |
| ക്രിസ്തീയ ജീവിതം | യോഹന്നാൻ 2:15,16 | 2കൊരിന്ത്യർ 5:17 | 1കൊരിന്ത്യർ 9:13,14 | മർക്കൊസ് 12:30,31 | മത്തായി 23:12 | 2കൊരിന്ത്യർ 6:14,17 | എബ്രായർ 7:8 | മത്തായി 26:41 | മത്തായി 6:6 | എബ്രായർ 10:25 | റോമർ 14:21 | മത്തായി 6:14,15 |
| ദൈവം | എബ്രായർ 11:6 | 1യോഹന്നാൻ 1:5 | യാക്കൊബ് 1:17 | 1യോഹന്നാൻ 4:8 | എബ്രായർ 10:30,31 | 2 തിമൊ 2:13 | 1തിമൊ 2:4 | എബ്രായർ 12:29 | 2 പത്രൊസ് 3:4 | യോഹന്നാൻ 4:24 | ലൂക്കൊസ് 1:37 | പുറപ്പാട് 20:56 |
| ക്രിസ്തു | ലൂക്കൊസ് 24:44 | ലൂക്കൊസ് 2:11 | 1 തിമൊ 1:15 | യോഹന്നാൻ 10:30 | മത്തായി 16:16 | മത്തായി 17:5 | യോഹന്നാൻ 11:25,26 | യോഹന്നാൻ 8:58 | മത്തായി 1:21 | യോഹന്നാൻ 1:29 | ലൂക്കൊസ് 1:32 | യോഹന്നാൻ 8:12 |
| വീണ്ടെടുപ്പ് | യോഹന്നാൻ 16:8 | എഫെസ്യർ 2:8,9 | യോഹന്നാൻ 3:16 | പ്രവൃത്തി 4:12 | 2കൊരിന്ത്യർ 8:4 | റോമർ 6:23 | 2കൊരിന്ത്യർ 5:21 | തിതൊസ് 2:11–14 | റോമർ 3:23 | യെശയ്യാവ് 53:6 | റോമർ 1:16 | റോമർ 4:25 |
| പരിവർത്തനം | റോമർ 6:3–4 | പ്രവൃത്തി 18:8 | ലൂക്കൊസ് 24:46,47 | ഗലാത്യർ 3:27 | പ്രവൃത്തി 2:38 | റോമർ 10:9–10 | 1പത്രൊസ് 3:21 | മർക്കൊസ് 16:15,16 | യോഹന്നാൻ 3:5 | പ്രവൃത്തി 3:19 | മത്തായി 28:19 | പ്രവൃത്തി 22:16 |
| സഭ | യോഹന്നാൻ 10:16 | മത്തായി 3:2 | മത്തായി 4:17 | മത്തായി 10:7 | 1കൊരിന്ത്യർ 1:10 | എഫെസ്യർ 4:11 | എഫെസ്യർ 4:4–6 | മർക്കൊസ് 9:1 | മത്തായി 16:18 | പ്രവൃത്തി 2:47 | 1കൊരിന്ത്യർ 3:11 | റോമർ 16:16 |
| വിവാദം | 2യോഹന്നാൻ 9–11 | യോഹന്നാൻ 17:20,23 | മത്തായി 7:21 | മത്തായി 23:9 | മത്തായി 15:13,14 | ലൂക്കൊസ് 6:46 | മർക്കൊ 7:7 | യാക്കൊ 2:24 | യോഹന്നാൻ 14:6 | യൂദാ 3 | മത്തായി 22:29 | ഗലാത്യർ 1:8–9 |
| തീരുമാനം | മത്തായി 25:46 | മത്തായി 23:37 | 2കൊരി 5:10 | യോഹന്നാൻ 1:11,12 | മത്തായി 7:13,14 | മത്തായി 6:19,20 | മത്തായി 11:28–30 | ഗലാത്യർ 6:7,8 | മർക്കൊസ് 8:36 | യോഹന്നാൻ 6:27 | മത്തായി 12:30 | ലൂക്കൊസ് 12:15 |

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 15 June 2001 No. 3

## എഡിറേറാറിയൽ

വർത്തമാന പത്രങ്ങളിൽ വരുന്ന വാർത്തകളിൽ ഇന്നു മുൻ പന്തിയിൽ നില്ക്കുന്നതു അഴിമതിയും പീഢനവുമാണ്. ഇതു സമൂഹത്തെ രാഷ്ട്രീയമായും മതപരമായും സ്വാധീനിക്കുന്നുണ്ട്. അധാർമ്മിക പ്രവർത്തികൾ ഏതൊന്നായാലും അതിന്റെ ഫലം ദൃശ്യമാണ്. എത്ര രഹസ്യമായി വെച്ചാലും അധർമ്മം എന്നായാലും പുറത്തുവരും. ജനങ്ങളെ ഈ വിധത്തിലേക്കു നയിക്കുവാനുള്ള കാരണം എന്താണ് ? ഇതിനുള്ള പ്രതിവിധി എന്താണ് ? വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണിത്. ഇതു തുടർന്നു പോയാൽ ഭാവി തലമുറ എങ്ങനെയായി തീരും എന്ന ആശങ്കയിലാണ് അധികം പേരും. അത്യാഗ്രഹമാണ് ആളുകളെ അഴിമതിക്കു പ്രേരിപ്പിക്കുന്നത്. ഉള്ളതിൽ തൃപ്തിയില്ലായ്മ. ചുററുപാടും കാണുന്ന ലൗകികമായ വസ്തുക്കൾ തങ്ങൾക്കു സ്വന്തമാക്കണം എന്ന ചിന്ത കടന്നു വരും. അതു നേടുവാൻ അവർ എന്തു മാർഗ്ഗവും സ്വീകരിക്കും. അതാണ് വാസ്തവത്തിൽ ഇന്നു നടക്കുന്നത്. ഇതു ഇന്നു തുടങ്ങിയതല്ല. പുരാതന കാലം മുതൽ സംഭവിച്ചുകൊണ്ടിരിക്കയാണ്. ഒരു തലമുറയിൽ നിന്നു മറെറാരു തലമുറയിലേക്കു സ്വത്തു കൈ മാറുന്നതുപോലെ ദുഷ്കർമ്മങ്ങളും കൈമാറി വരികയാണ്. സകല മനുഷ്യരിലേക്കും ഇതു വ്യാപിച്ചിരിക്കയാണ്.

നിയമ വിരുദ്ധമായ പ്രവർത്തനങ്ങളാണല്ലോ ഇന്നു

അധികവും കാണുന്നതു. അവിഹിതമായ രീതിയിൽ കാര്യസാദ്ധ്യം എന്നതാണ് ആളുകളിൽ ആദ്യം കടന്നു വരുന്നത്. നേരായ മാർഗ്ഗത്തിലൂടെ ജീവിച്ചാൽ മതി എന്ന തോന്നൽ അവരുടെ മനസിൽ വന്നാലും അതിൽ ഒതുങ്ങി ജീവിക്കാൻ അവർക്കു കഴിയാതെ വരുന്നു. നന്മ മാത്രം ചെയ്യണമെന്നു ആഗ്രഹിക്കുന്നുവെങ്കിലും അവരെക്കൊണ്ടു തിന്മ ചെയ്യിക്കുന്നു. അതിനു അവർ സമൂഹത്തെ കുററം ചുമത്തി ന്യായീകരണം കണ്ടെത്താൻ ശ്രമിക്കും. അവരുടെ മനോവികാരമനുസരിച്ച് ജീവിക്കാൻ തല്പരപ്പെടുകയാണ്. ജഡികമായ മോഹമാണ് അവരെ ഈ നേട്ടത്തിനു പ്രേരിപ്പിക്കുന്നതു. സ്ഥിരമായി നിലനില്ക്കുന്നതു സത്യസന്ധ ജീവിതത്തിന്റെ ഫലമായുണ്ടാകുന്ന ഉയർച്ചയാണ്. അല്ലാത്ത സമ്പാദ്യവും ഉയർച്ചയും താല്ക്കാലികമാണ്. അതു എല്ലാവരും മനസിലാക്കണം. നശിച്ചു പോകുന്നതായ വസ്തുക്കളിൽ നാം ഭ്രമം കണ്ടെത്തരുത്. ആ ഒരു അവബോധം എല്ലാവരിലും വളർത്തണം. പരിമിതമായ പ്രഥമികാവശ്യങ്ങൾ നിറവേററിയാൽ മതി എന്നു തീരുമാനിക്കണം. ജഡിക സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതു ശരീരത്തിൽ രോഗമുണ്ടാക്കുന്ന വിധം വ്യാകുലത സൃഷ്ടിക്കും. സമൂഹത്തിൽ സമാധാനമില്ലാത്തതിന്റെ കാരണം ഇതാണ്. തെററായ മാർഗ്ഗത്തിലൂടെ കാര്യം നേടുവാനുള്ള അഭിനിവേശം അവസാനിപ്പിക്കണം.

പീഡനങ്ങൾ നോക്കിയാൽ സ്ത്രീധന പീഡനം ലൈംഗിക പീഡനം, മാനസിക പീഡനം, ശാരീരിക പീഡനം എന്നീ രീതിയിൽ അതു മനുഷ്യരിൽ വാഴ്ച്ച നടത്തിക്കൊണ്ടിരിക്കയാണ്. ശാരീരിക ഇഛയും ധനമോഹവുമാണ് ഈ പീഡനങ്ങളുടെ പിന്നിൽ ഉള്ളത്. വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജോലി സ്ഥാപനങ്ങളിലും എന്തിനേറെ ആരാധനാലയങ്ങളിലും സ്ത്രീ പീഡനങ്ങൾ നടക്കുന്നുണ്ട്. ഇതു സ്വയം തിരുത്തേണ്ടതാണ്.

★

# സ്ത്രീ ഉപദേഷ്ടാക്കൾ

## J.C. ചോട്ട്

നമ്മുടെ ഈ കാലയളവിൽ അധികം അധികം സ്ത്രീകൾ ഉപദേഷ്ടാക്കൾ ആയി മാറുന്നുണ്ട്. പ്രസംഗ പീഠങ്ങളിലും റ്റി വി പ്രോഗ്രാംസിലും അവരെ കണ്ടെത്താൻ കഴിയും. പുരുഷന്മാർ കയ്യടക്കി വെച്ചിരുന്ന പല മേഖലകളിലും ഇന്നു സ്ത്രീകൾ ഉയർന്ന പദവികൾ സ്വീകരിക്കയും നായകത്വം നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീ സ്വാതന്ത്ര്യം എന്ന പേരിൽ ഒരു പ്രസ്ഥാനം തന്നെ ഉടലെടുത്തിട്ടുണ്ട്. സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം ആയികൂടെ എന്ന ചിന്താഗതിയായിരിക്കാം അവരെ ഇതിനു പ്രേരിപ്പിച്ചത്. സ്ത്രീകൾ ഉപദേഷ്ടാക്കന്മാരാകുന്നതിൽ തെററില്ല എന്ന അഭിപ്രായക്കാർ ധാരാളം ഉണ്ട്. എന്തിനേറെ പറയുന്നു, പൗരോഹിത്യ ശുശ്രൂഷക്കും സ്ത്രീകളെ തിരഞ്ഞെടുത്തിട്ടുള്ള അനുഭവങ്ങൾ തന്നെയുണ്ട്. ഇതു ആരെയും വിമർശിക്കുന്നതിനുവേണ്ടി പറയുന്നതല്ല. സത്യം തുറന്നു പറയുവാനുള്ള ധാർമ്മിക കടപ്പാട് മനസിലാക്കി പറയുകയാണ്.

സ്ത്രീകളെ പുരുഷന്മാർ അടിച്ചമർത്തി വെച്ചിരിക്കുന്നോ ഇല്ലയോ എന്നതല്ല ചോദ്യം. സ്ത്രീകളെ തരംതാഴ്ത്തി പുരുഷൻ ആധിപത്യം പുലർത്തുന്നുണ്ടോ എന്നതുമല്ല. സ്ത്രീകളെ ഉയരാൻ പുരുഷൻമാർ സമ്മതിക്കായ്കയുമല്ല. സ്ത്രീകളുടെ പങ്കാളിത്വത്തെ സംബന്ധിച്ച് കർത്താവ് പറഞ്ഞതു എന്താണെന്നതാണ് നാം ചോദിക്കേണ്ടതു. അതായതു സഭയിൽ ഇന്നു പരസ്യമായി സ്ത്രീകൾ നേതൃത്വം കൊടുക്കുവാൻ കർത്താവ് അനുവദിക്കുന്നുണ്ടോ എന്നതാണ് ചോദ്യം. സഭയെ നയിക്കുക എന്ന കർത്തവ്യം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ?

യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുമ്പോൾ അവൻ പന്ത്രണ്ടു ശിഷ്യന്മാരെ അപ്പൊസ്തലന്മാരായി തിരഞ്ഞെടുത്തു. ഈ അപ്പൊസ്തലന്മാർ ആരായിരുന്നു ? അവരെല്ലാം പുരുഷൻമാർ ആയിരുന്നു. പിന്നീട് യൂദാ യേശുവിനെ ഒററിക്കൊടുത്തു. മരിച്ചുപോയ ശേഷം പകരം മറെറാരു ശിഷ്യനെ അപ്പൊസ്തലനായി തിരഞ്ഞെടുത്തു. അതും പുരുഷനായിരുന്നു. അന്നു അവന്റെ ശിഷ്യന്മാരിൽ വിശ്വസ്തരും ദൈവ ഭക്തകളുമായ സ്ത്രീകൾ ഉണ്ടായിരുന്നു. എന്നിട്ടും മററു അപ്പൊസ്തലന്മാർ കൂടി തിരഞ്ഞെടുത്തതു ഒരു പുരുഷനെയായിരുന്നു (പ്രവൃത്തി 1:26). തുടർന്നു ജാതികളുടെ അപ്പൊസ്തലൻ എന്നറിയപ്പെടുന്ന മറെറാരു അപ്പൊസ്തലനെ അകാല പ്രജയായി തിരഞ്ഞെടുത്തപ്പോഴും പൌലൊസ് എന്ന പുരുഷനെയായിരുന്നു എടുത്തത്.

സഭയുടെ സ്ഥാപനത്തിനുശേഷം വളർന്നു വ്യാപിക്കുവാൻ തുടങ്ങി. അതോടെ ഇടവകകളിൽ അംഗ സംഖ്യയും വർദ്ധിക്കാൻ തുടങ്ങി. അപ്പോൾ ഓരോ ഇടവകയിലും നേതൃസ്ഥാനങ്ങൾ ഏറെറടുക്കേണ്ട ആവശ്യം വർദ്ധിച്ചു. അതായതു കൂടുതൽ അദ്ധ്യക്ഷന്മാർ വേണ്ടിവന്നു എന്നർത്ഥം. സഭയിൽ മൂപ്പൻമാരും ശുശ്രൂഷകന്മാരും ഉണ്ടാകണം. അവർ നിശ്ചിത യോഗ്യതകൾ ഉള്ളവരും ആയിരിക്കണം എന്നു 1 തിമൊഥെയൊസ് മൂന്നാം അദ്ധ്യായം, തീത്തൊസ് ഒന്നാം അദ്ധ്യായം എന്നിവ വായിച്ചാൽ അതു ഗ്രഹിക്കാം. ഈ രണ്ടു ശുശ്രൂഷക്കും പുരുഷന്മാരെയാണ് തിരഞ്ഞെടുത്തത്. സ്ത്രീകളെയല്ല എന്നോർക്കണം. സ്ത്രീകളെ ഇത്തരം ഔദ്യോഗിക തലങ്ങളിൽ നിയമിച്ചാൽ അദ്ധ്യക്ഷൻ എങ്ങനെ ഏക ഭാര്യയുടെ ഭർത്താവാകും ?

. . സുവിശേഷ പ്രഖ്യാപന ദൌത്യം യേശു ഏല്പിച്ചതു പുരുഷന്മാരെയാണ്. . മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേററ ശേഷം യേശുക്രിസ്തു, ഭൂലോകത്തിൽ ഒക്കെ

യും പോയി സുവിശേഷം അറിയിക്കാൻ ആവശ്യപ്പെട്ടതു അപ്പൊസ്തലന്മാരോടായിരുന്നു (മർക്കൊസ് 16:15-16; മത്തായി 28:18-20). ഇതു പറയുമ്പോൾ സ്ത്രീകൾ സുവിശേഷം അറിയിക്കേണ്ട എന്നർത്ഥമാക്കരുത്. ക്രിസ്തുവിന്റെ കല്പനയെയാണ് നാം മാനിക്കേണ്ടത്.

അപ്പൊസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിവരണം ശ്രദ്ധിക്കേണ്ടതാണ്. യേശുവിന്റെ ഉയിർപ്പിനു ശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ അവർ എല്ലാവരും യെരുശലേമിൽ കൂടിയിരുന്നപ്പോൾ പരിശുദ്ധാത്മ സ്നാനം ലഭിക്കയും അങ്ങനെ അത്ഭുത ശക്തിയാൽ ദൈവത്തിന്റെ വൻ കാര്യങ്ങളാകുന്ന സുവിശേഷം വലിയ പുരുഷാരത്തോട് പ്രസംഗിപ്പാൻ തുടങ്ങുകയും ചെയ്തു. അതു കേട്ടവരിൽ അനേകർ വിശ്വസിച്ചുകൊണ്ടു ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. പത്രോസ് അവരോടു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും എന്നു പറഞ്ഞു. അന്നു മൂവായിരത്തോളം സ്ത്രീ പുരുഷന്മാർ സന്തോഷത്തോടെ വചനം അനുസരിച്ചു സ്നാനം ഏററു. കർത്താവു രക്ഷിക്കപ്പെട്ടവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു.

പിന്നീട് പരിശുദ്ധാത്മ നിറവും നല്ല സ്വീകാരവും ഉള്ള ഏഴു പുരുഷന്മാരെ അപ്പൊസ്തലന്മാരുടെ സഹായികളായി തിരഞ്ഞെടുക്കുന്നുണ്ട്. ഇവർ സഭയിൽ ശുശ്രൂഷക്കാർ എന്ന നിലയിൽ പ്രവർത്തിച്ചു വന്നു. അപ്പൊസ്തല പ്രവർത്തികൾ ഉടനീളം നാം വായിച്ചാൽ സഭാചരിത്ര കാലയളവിൽ പരസ്യ പ്രവർത്തനങ്ങളെ നയിച്ചിരുന്നതും പരസ്യ പ്രസംഗം നടത്തിയിരുന്നതും സ്ത്രീകൾ ആയിരുന്നില്ല; പുരുഷന്മാരായിരുന്നു എന്നു മനസ്സി

ലാക്കാം. സ്ത്രീകൾ അവരോടൊപ്പം പ്രവർത്തിച്ചിരുന്നു എന്നതു നാം കണക്കിലെടുക്കയും വേണം.

പരസ്യമായ എല്ലാ പ്രവർത്തനങ്ങളേയും നയിക്കുന്നതിനു കർത്താവു തിരഞ്ഞെടുത്തതു പുരുഷന്മാരെയായിരുന്നു എന്നതാണ് ചുരുക്കമായി പറയുന്നതിന്റെ ലക്ഷ്യം. പുതിയ നിയമത്തിൽ ഒരു ഭാഗത്തു സ്ത്രീകൾ പരസ്യമായി പ്രസംഗിക്കുന്നതോ, പ്രാർത്ഥന, പാട്ട് എന്നിവ നയിക്കുന്നതോ കർത്തൃമേശ വിഭജിച്ചുകൊടുക്കുന്നതോ നാം വായിക്കുന്നില്ല. ദൈവം പുരുഷന്മാരെയാണ് നേതൃസ്ഥാനത്തു വെച്ചിരിക്കുന്നതു. ദൈവിക ബുദ്ധിയെ നാം ബഹുമാനത്തോടെ സ്വീകരിക്കണം.

പുരുഷന്മാരുടെ പ്രവർത്തികളിൻമേലുള്ള ഊന്നൽ നിമിത്തം മാത്രമാണോ ക്രിസ്തുവിന്റെ സഭയിൽ സ്ത്രീകളെ നേതൃസ്ഥാനത്തേക്കു കൊണ്ടു വരാത്തത് എന്നു ചോദിച്ചേക്കാം. അല്ല എന്നതാണ് ഉത്തരം. ആത്മശ്വാസിയമായ വചനം വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കയും ചെയ്യുന്നുണ്ട്.

സ്ത്രീ മൌനമായിരുന്നു പൂർണ്ണാനുസരണത്തോടും കൂടി പഠിക്കട്ടെ. മൌനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു; പിന്നെ ഹവ്വ; ആദാം അല്ല, സ്ത്രീയത്രെ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു (1 തിമൊഥെയൊസ് 2:11-14). ഇവിടെ പറഞ്ഞിരിക്കുന്ന കാരണം സാംസ്കാരികമല്ല; പിന്നെയോ ദൈവിക നിർദ്ദേശമാണ്.

വിശുദ്ധന്മാരുടെ സർവ്വ സഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല (1 കൊരിന്ത്യർ 14:34).

പഴയ നിയമത്തിൽ പ്രവാചകന്മാരും പുരോഹിതൻമാരും പുരുഷൻമാരായിരുന്നു. രാജാക്കന്മാരും പുരുഷൻമാരായിരുന്നു. ന്യായാധിപന്മാരിൽ (ദെബോര) ഒഴിച്ച് മറ്റെല്ലാവരും പുരുഷന്മാരായിരുന്നു. അന്നു എല്ലാ യിസ്രായേലിലും ധൈര്യമുള്ള പുരുഷൻമാർ ഇല്ലായിരുന്നതുകൊണ്ടാണ് ഒരു സ്ത്രീയെ നിയമിക്കുന്നതു. ദൈവത്തിന്റെ ക്രമീകൃത നായകത്വ സ്ഥാനങ്ങളെയും അവ നടത്തേണ്ടവരേയും മാററുവാനുള്ള അധികാരം മനുഷ്യരായ നമുക്കില്ല.

സ്ത്രീ വീടു വിട്ടു പുറത്തു പോയി പ്രവർത്തിക്കുന്ന സന്ദർഭങ്ങളിൽ വീടിനു മുറിവേല്പ്ക്കും, കുടുംബത്തിൽ പ്രശ്നങ്ങൾ തലപൊക്കും. ദൈവത്താൽ രൂപ കല്പന ചെയ്തിരിക്കുന്ന ജോലി ഉപേക്ഷിച്ച് മററു പ്രവർത്തനങ്ങളിലേക്കു തിരിയുന്ന സ്ത്രീകൾ പിന്നീട് വലിയ വില കൊടുക്കേണ്ടി വരുന്നുണ്ട്. കാരണം അവർ കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ മറക്കുന്നു. പുരുഷന്മാർ അവരുടെ ചുമതലകൾ നടത്താതിരിക്കുമ്പോൾ അതു സ്ത്രീകൾ ചെയ്യാൻ തുടങ്ങും. പരസ്പര വിരുദ്ധമായ ജോലികൾ അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കും. വീട്ടിൽ, സഭയിൽ, സമൂഹത്തിൽ അതു കുഴപ്പങ്ങൾ സൃഷ്ടിക്കും. ദൈവ പദ്ധതിയിലെ ഓരോ വ്യക്തിയുടേയും പങ്ക് എന്തെന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കുക.

അദ്ധ്യക്ഷന്മാർ അവരുടെ ജോലി, പുരുഷന്മാരും സ്ത്രീകളും അവരുടെ ജോലി കണ്ടറിഞ്ഞു ചെയ്താൽ അവിടെ സമാധാനം ഉണ്ടായിരിക്കും.

അപ്പോൾ പിന്നെ കർത്താവിന്റെ സഭയിൽ സ്ത്രീകൾക്കു പ്രവർത്തനമില്ലേ എന്നു ചോദിച്ചേക്കാം, തീർച്ചയായും ഉണ്ട്. പ്രിസ്കില്ല തന്റെ ഭർത്താവിനോടുകൂടെ അപ്പല്ലൊസിനെ രഹസ്യമായി പഠിപ്പിച്ചിരുന്നു (പ്രവൃത്തി 18:26).

★

# മനസലിവുള്ള ക്രിസ്തു

## J. L. ലീഫെസ്റ്റ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

### അവന്റെ മനസലിവിനെ കുറിച്ച് പ്രവചനങ്ങൾ മുന്നറിയിക്കുന്നു

അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യെശയ്യാ പ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ തന്നെ (മത്തായി 8:16-17). എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു (യെശയ്യാവ് 53:5). അതുകൊണ്ടു അവനു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണത്തിനു ഒഴുക്കി കളയുകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇട നിന്നുകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ (യെശയ്യാവ് 53:12). അവന്റെ സ്നേഹത്തിന്റെ തികവ് അങ്ങനെ നിവൃത്തിയായി.

വിശപ്പുള്ളവർക്കു ശുശ്രൂഷ ചെയ്തുകൊണ്ടു കൂടെ ക്രിസ്തു തന്റെ മനസലിവ് വ്യക്തമാക്കി. ''എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു; ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു, അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു അവരെ കുറിച്ചു എനിക്കു മനസ ലിവു തോന്നുന്നു;(മത്തായി15:32)

★

# ഒരു പുതുജീവൻ

## പി. വി. വിൽമെത്ത്

ക്രിസ്തീയ യുഗത്തിൽ പുതുമയുള്ള ചില കാര്യങ്ങളെ ഓർമ്മിപ്പിക്കുന്നതു നല്ലതാണ്. ''ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു'' (2 കൊരിന്ത്യർ 5:17). ഒരാൾ യഥാർത്ഥ ക്രിസ്ത്യാനിയായി തീരുന്നതു പഴയതിൽ നിന്നു മാറുമ്പോഴാണ്. പഴയ പാപ ലോകത്തിൽ നിന്നു യേശുക്രിസ്തുവിലേക്കു തിരിയുമ്പോഴാണ് അതു സംഭവിക്കുന്നത്. അപ്പോൾ വാസ്തവമായും ഒരു പുതിയ ജനനം നടക്കുകയാണ്. പുതിയ നിയമത്തിൽ തന്നെ ഇതിനെ പുനർ ജനനം എന്നും വീണ്ടും ജനനം എന്നും പറഞ്ഞിട്ടുണ്ട്. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവ രാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല എന്നു യേശുക്രിസ്തു പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 3:3-5). ക്രിസ്തുവിനു പുറത്തു അസാദ്ധ്യമായ പുതിയ ജീവിതത്തിന്റെ വിവിധ വശങ്ങളെ നമുക്കൊന്നു പരിഗണിക്കാം. ക്രിസ്തുവിൽ ഉള്ള ജീവിതമാണ് പുതിയ ജീവിതം. പുതിയ സൃഷ്ടിയായി ജീവിക്കാൻ ക്രിസ്തുവിലാകാത്തവർക്കു കഴിയുകയില്ല.

### ഒരു പുതിയ പിതാവ്

ദൈവത്തെ പിതാവായി തിരിച്ചറിയാവുന്ന പ്രത്യേകതയുള്ള ഒന്നാണ് ക്രിസ്ത്യാനിത്വം. പഴയ നിയമത്തിൽ ദൈവത്തെ പിതാവായി രേഖപ്പെടുത്തിയിട്ടുണ്ട്. പുതിയ നിയമ എഴുത്തുകാരും ദൈവത്തെ പിതാവായി നമുക്കു കാണിച്ചു തന്നിട്ടുണ്ട്. മുൻപുണ്ടായിരുന്ന പല വിചാരങ്ങളെയും,

മാററുവാൻ യേശുവിന്റെ വരവ് സഹായിച്ചിട്ടുണ്ട്. യെഹൂദന്മാർക്കു പുറത്തുള്ളവർ ജാതികളായിരുന്നു അല്ലെങ്കിൽ നായ്ക്കാം ആയിരുന്നു. അതുകൊണ്ടു അവരുമായി സംസർഗ്ഗം പുലർത്തുവാൻ അവർ തയ്യാറായില്ല. യവനന്മാർക്കു പുറത്തുള്ളവർ ബർബ്ബരന്മാർ ആയിരുന്നു. പൌലൊസ് അരയോപഗ മദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞതു: ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യ ജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിനു കാലങ്ങളും അതിരുകളും നിശ്ചയിച്ചു.

ക്രിസ്ത്യാനികളായി തീരുന്നതോടെ അവരുടെ ശരീരം ദൈവത്തിന്റെ മന്ദിരമായി മാറുകയാണ്. ദൈവം പറഞ്ഞതു: ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും. ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും. അതുകൊണ്ടു ക്രിസ്തുവിലായി തീരുന്നവർ ലോകക്കാരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിക്കുവാൻ കല്പിച്ചിരിക്കുന്നു. അശുദ്ധമായതു ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങാംക്കു പിതാവും നിങ്ങാം എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും. (2 കൊരിന്ത്യർ 6:16-17).

## ഒരു പുതിയ കുടുംബം

ആത്മീയമായി ഒരാം ക്രിസ്തുവിലാകുമ്പോാം പുതിയൊരു പിതാവ് ലഭിക്കുന്നതോടെ തനിക്കു ഒരു പുതിയ കുടുംബ ബന്ധം ലഭിക്കുന്നു. അതായതു മറെറാരു ഭവനത്തിലേക്കു അവൻ അല്ലെങ്കിൽ അവാം മാറുന്നു. കർത്താവിൽ അപ്പോാം മുതൽ ധാരാളം സഹോദരീ സഹോദരന്മാർ ഉണ്ടാകുന്നു. തികവുള്ള ക്രിസ്തുവിന്റെ സ്നേഹത്താൽ ബന്ധിക്കപ്പെടുന്നു. ക്രിസ്തു നമ്മുടെ മൂത്ത സഹോദരനാണ്. പാപ ലോകത്തിൽ ഉണ്ടായിരുന്ന രക്ത ബന്ധത്തേക്കാാം ശക്തമായ ഒരു കൂട്ടായ്മ അനു

ഭവിക്കാൻ കഴിയുന്നു എന്നതു മഹനീയമാണ്. മുഴുവനാ യും പുതുമയുള്ള ഒരു സൗഹൃദമാണ് കർത്താവിൽ ആകു ന്നവർക്കു ഉണ്ടാകുന്നത്. ദൈവ ഭക്തരുമായുള്ള കൂട്ടാ യ്മ ധന്യവും ശ്രേഷ്ഠവും തികവുമുള്ളതാണ്. നാം കണ്ടുമുട്ടുന്നവരിൽ ഒരു ഭാഗമായി തീരുകയാണ്. മോശ മായ കൂട്ടുകെട്ട് ധാർമ്മികതയെ നശിപ്പിക്കുന്നു എന്ന ത ത്വം നമുക്കു ഇവിടെ തിരിച്ചറിയാം. ദുഷ്ടതയെ വെറു ക്കുന്ന മനോഭാവം ഈ ബന്ധത്തിലാണ് നമുക്ക് അനുഭ വപ്പെടുന്നത്. ഒരിക്കൽ ദുഷ്പ്രവർത്തിക്കാരോടു ചേർ ന്നു ജീവിച്ചവർ ക്രിസ്തുവിൽ ആകുമ്പോൾ അവർക്കു ക്രിസ്തു എല്ലാററിലും മീതെയുള്ളവനായി തീരുന്നു.

## ഒരു പുതിയ വേല

ഒരു ദൈവ മകനെ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശം ഈ പുതിയ ജോലിക്കാണ്. കൃപയാലല്ലൊ നിങ്ങൾ വിശ്വാ സം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയി രിക്കുന്നു (എഫെസ്യർ 2:8-10). ദൈവത്തോടു കൂടെ പ്രവർത്തിക്കേണ്ട വേലക്കാരാണ് നാം (1 കൊരിന്ത്യർ 3:9). ദൈവത്തിനു നമ്മിൽ വലിയ പദ്ധതിയാണുള്ളതു. ഒ രാൾ പുതിയ സൃഷ്ടി ആകുന്നതോടെ അയാൾ ഈ പുതി യ വേലയിൽ പ്രവേശിക്കയാണ്. നഷ്ടപ്പെട്ടവരെ രക്ഷി ക്കുന്ന പ്രവർത്തിയാണ് ദൈവത്തിന്റേത്. നാം ആ വേ ലയിൽ പങ്കു ചേരണം. വിശ്വസ്തമായി, നിസ്വാർത്ഥ മായി ഓരോരുത്തരും സമർപ്പിക്കപ്പെട്ട ദൈവ വേലയിൽ മുതിർന്നു വരണം.

## ഒരു പുതിയ പൗരത്വം

നമ്മുടെ ആത്മീയ മനുഷ്യൻ ഇപ്പോൾ മാറി; കാരണം പുതിയ ഒരു രാജ്യത്തിലെ അംഗങ്ങളായി തീർന്നു. പുതിയ രാജാവിന്റെ കീഴിൽ പുതിയൊരു ഉടമ്പടിയുമായി ജീവിക്കണം. സാത്താന്റെ രാജ്യത്തിൽ നിന്നും ഇരുട്ടിന്റെ അധികാരത്തിൽ നിന്നും നമ്മെ വിടുവിച്ച് ദൈവപുത്രനായ ക്രിസ്തുവിന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു (കൊലൊസ്സ്യർ 1:13). നാം ഇപ്പോൾ അന്യന്മാരോ പരദേശികളോ അല്ല. ഒരിക്കൽ ക്രിസ്തുവിനെ കൂടാതെയുള്ളവരും ഇസ്രായേൽ പൌരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു (എഫെസ്യർ 2:12).

സ്വാതന്ത്ര്യരാജ്യത്തിലെ പൗരന്മാരാകുക എന്നതു വലിയ നേട്ടം തന്നെയാണ്. സ്വർഗ്ഗീയ രാജ്യത്തിലെ പൗരന്മാരാകുക എന്നതു വളരെ അനുഗ്രഹീതം തന്നെ. ഇളകാത്ത രാജ്യത്തിലാണ് നാം അംഗങ്ങളായിരിക്കുന്നത്. യേശുവിന്റെ രാജ്യത്തിൽ കൂട്ടാളിയായിരുന്നു യോഹന്നാൻ (വെളിപ്പാട് 1:9). നിലനില്ക്കാത്ത ഒരു രാജ്യത്തിൽ ഒരാൾക്കു അംഗമാകാൻ കഴിയുകയില്ല. എന്നേക്കുമുള്ള രാജ്യത്തിൽ എന്നേക്കും വസിക്കുവാനുള്ള അംഗത്വം ലഭിക്കുന്നവരാണ് ഭാഗ്യവാന്മാർ.

## പുതിയ പ്രത്യാശയുള്ള ജീവിതം

എല്ലാ നിലയിലും ഒരു ക്രിസ്ത്യാനിയുടെ ജീവിതം പുതിയതാണ്. ഒരു പുതിയ കാഴ്ച്ചപ്പാടും ലക്ഷ്യവുമുണ്ടാകുന്നു. മുമ്പെ ദൈവ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുക എന്ന തത്വം അടിസ്ഥാനപ്പെടുത്തിയ ജീവിതമാണ് വീണ്ടും ജനിച്ചവരുടേത് (മത്തായി 6:33).

★

## വാർത്തകൾ

# ഏകദിന സെമിനാറും ആരാധനാലയ സമർപ്പണവും

### വളരുന്ന സഭ നേരിടുന്ന പ്രശ്നങ്ങൾ

സ്ഥലം : TC. 27/225, തമ്പുരാൻ മുക്ക്,
തിരുവനന്തപുരം-37

തീയതി : 2001 ജൂൺ 30 ശനി

സമയം : രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ (ഉച്ച ഭക്ഷണം ക്രമീകരിച്ചിരിക്കുന്നു)

പ്രസംഗകർ : ബ്രദർ. വിക്ടർ എലൈസൺ,
ബ്രദർ. പോൾ വീലർ (U S A)

ഏവർക്കും സ്വാഗതം

പ്രവേശനം സൗജന്യം

താങ്കളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു

എന്ന്

സുവിശേഷകൻ

ബ്രദർ. പി.കെ. വർഗ്ഗീസ്
ചർച്ച് ഓഫ് ക്രൈസ്റ്റ്
തമ്പുരാൻമുക്ക്, തിരുവനന്തപുരം-37
ഫോൺ : 303378

# GOSPEL MEETING
# സുവിശേഷ യോഗം

## യേശു : കരുതലുള്ള കർത്താവ്

സ്ഥലം : വെള്ളനാട് ഗവൺമെൻറ് യു. പി. സ്കൂൾ
(കമ്പനി മുക്ക്)

തീയതി : ജൂൺ 30 ശനി, ജൂലൈ 1 ഞായർ

സമയം : വൈകുന്നേരം 6.30 ന്

കേൾക്കുക : ബ്രദർ. വിക്ടർ എല്ലെസൺ,
ബ്രദർ. പോൾ വീലർ (U S A)

**എവർക്കും സ്വാഗതം !**

സത്യമായ ദൈവത്തിൻെറ അരുളപ്പാടുകൾ കേൾക്കുവാൻ എവരേയും പ്രാർത്ഥനയോടെ ക്ഷണിക്കുന്നു.

എന്ന്
സുവിശേഷകൻ
ബ്രദർ. സി. പി. റെജി
ചർച്ച് ഓഫ് ക്രൈസ്റ്റ്
വെള്ളനാട്

## വയനാട്

തീയതി : 2001 ജൂലയ് 5 വ്യാഴം വൈകുന്നേരം 7 മണി
6-ാം തീയതി വെള്ളി രാവിലെ 10 മണി മുതൽ
വൈകുന്നേരം 4 മണി വരെ

സ്ഥലം : തോൽപ്പെട്ടിയിൽ എട്ടേക്കർ എം. ജെ. സ്റ്റാൻലി
യുടെ വീടിനടുത്ത്

പ്രസംഗകൻ : ബ്രദർ. പി. ജെ. വർഗ്ഗീസ്

യുവാക്കൾക്കു പ്രത്യേക ക്ലാസുകൾ

(അമേരിക്കയിൽ നിന്നുള്ള സഹോദരന്മാർ)

**എവർക്കും സ്വാഗതം**

ബന്ധപ്പെടുക

ബ്രദർ. ഉമ്മൻ മാത്യു
ചർച്ച് ഓഫ് ക്രൈസ്റ്റ്,
തോൽപ്പെട്ടി, വയനാട്

# അനുശോചനം

1982-ൽ കടാമ്പയിൽ കർത്താവിന്റെ സഭ ആരംഭിക്കുവാൻ മുൻകൈ എടുക്കയും അന്നു മുതൽ 1999 വരെ കടാമ്പയിലെ കർത്താവിന്റെ സഭയിലെ ഉപദേഷ്ടാവായിരുന്ന ബ്രദർ. എം. കെ. കുര്യൻ, 2001 ജൂൺ ഒന്നാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനത്തെ ദൈവം മാനിക്കും. അദ്ദേഹത്തിന്റെ ജീവിത മാതൃകയും സേവന സന്നദ്ധതയും ബ്രദർ. സണ്ണിയും കുടുംബവും ഏറ്റെടുത്തു നടത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്ന്

എഡിറ്റർ

# കടാമ്പ

തീയതി : 2001 ജൂലൈ 7-ാം തീയതി വൈകുന്നേരം 7 മണിക്ക്

8-ാം തീയതി (യുവാക്കൾക്കു വേണ്ടി പ്രത്യേകം ക്ലാസുകൾ) സമയം ആരാധനക്കുശേഷം

സ്ഥലം : ചർച്ച് ക്രൈസ്റ്റ് ബിൽഡിങ്ങ് മീനടി, കടമ്പ

കോംക്കുക : ബ്രദർ പി. കെ. വർഗ്ഗീസും മററു ദൈവ ദാസന്മാരും

കടമ്പയിലും പരിസരത്തും ഉള്ള എല്ലവരേയും പ്രസ്തുത യോഗങ്ങളിലേക്കു ഞങ്ങൾ ഹാർദ്ദവമായി ക്ഷണിക്കുന്നു.

എന്ന്

സുവിശേഷകൻ

ബ്രദർ. സണ്ണി (എം. കെ. മാത്യു)

## വിലകൾ വീണ്ടും താഴോട്ട്

ഉൽപന്ന വിപണിയിൽ വീണ്ടും വിലയിടിവ്. റബർ കുരുമുളക്, തേയില, സ്വർണം എന്നിവയ്ക്കെല്ലാം വില കുറഞ്ഞു. വെളിച്ചെണ്ണ സ്റ്റെഡിയായി നിൽക്കുന്നുവെങ്കിലും വ്യാപാര തോത് തീരെ കുറവ്.

റബർ വിലയിൽ മുൻവാരങ്ങളിൽ കണ്ട മുന്നേററം അപ്രത്യക്ഷമാകുന്നു. മഴ ഒഴിഞ്ഞു നിന്നതോടെ വരവ് കൂടി. 30,000 ടൺ റബർ ഉടനെ ഇറക്കുമതി ചെയ്യാനുള്ള കമ്പനികളുടെ തീരുമാനം വില വീണ്ടുമിടിച്ചേക്കുമെന്ന് ആശങ്കയുണ്ട്. രാജ്യാന്തര വിപണിയുമായി തട്ടിച്ചുനോക്കുമ്പോൾ 25% തീരുവ നൽകി ഇറക്കുമതി ചെയ്താലും ക്വിന്റലിന് 200 രൂപയുടെ ആദായമുണ്ടാകുമെന്ന് കമ്പനികൾ ചൂണ്ടിക്കാട്ടുന്നു.

ആർ. എസ്. എസ്. നാലാം ഗ്രേഡ് റബറിന് 3550 രൂപയിൽ തുടങ്ങി 3425 രൂപ വരെയെത്തി. മധ്യമേഖലയിൽ നിന്നുള്ള ഷീററിന് 3300 രൂപയിൽ നിന്ന് 3100 രൂപയായി കുറഞ്ഞു.

★

# എന്താണ് സത്യം ?

## പീയേഴ്സ് ബ്രൌൺ

സത്യത്തെ ആളുകൾ ഉള്ളുകൊണ്ടു ആദരിക്കുന്നുണ്ട്. പക്ഷെ സാഹചര്യങ്ങൾ അവരെ അതിൽ നിന്നും അകററി കളയുകയാണ്. സത്യത്തിനു വില കല്പിക്കാത്തതു കൊണ്ടല്ല അങ്ങനെ സംഭവിക്കുന്നതു. പിന്നെയോ അസത്യം അവരെ കീഴ്പ്പെടുത്തുകയാണ്. ദുസ്വഭാവത്തിനു അടിമകളായി തീരുകയാണ്. താല്ക്കാലിക നേട്ടം അവരിൽ ഓടി എത്തുന്നതു. അതിൽ പിന്നീടുണ്ടാകാവുന്ന ഫലത്തെ കുറിച്ച് വിവേചിക്കുന്നില്ല. സത്യം അഥവാ ഉള്ളതു ഉള്ളതുപോലെ പറയുവാനും അതിൽ നിലനില്ക്കുവാനും എല്ലാവരും ഒരുങ്ങണം. സത്യത്തെ മനുഷ്യരിൽ നിന്നു മാററി നിർത്താവുന്നതല്ല. സത്യം നമ്മുടെ ജീവിതത്തിനു കൂടിയേ തീരു എന്നു എല്ലാവർക്കും അറിയാം. പക്ഷെ വാസ്തവത്തിൽ എന്താണ് സത്യം ? അതെങ്ങനെ നമുക്കു അറിയാം ? അതുമായി നമ്മുടെ ബന്ധം എങ്ങനെ എന്നീ കാര്യങ്ങൾ നാം വിശദമായി അറിയേണ്ടതുണ്ട്.

യേശുവിനെ വിചാരണ ചെയ്ത നാടുവാഴി പീലാത്തോസ് അവനോടു ചോദിച്ചു: സത്യം എന്നാൽ എന്ത് എന്ന്. നാടുവാഴിയായിരുന്നിട്ടും സത്യം അറിയാതെ ജീവിച്ചയാളായിരുന്നു പീലാത്തോസ്. ഒരുപക്ഷെ സത്യം എന്നൊന്നില്ല എന്ന ധാരണയാലോ അല്ലെങ്കിൽ ആർക്കും സത്യം അറിഞ്ഞുകൂടാ എന്ന ധാരണയാലോ ആകാം അവനു ഈ സംശയം ഉദിച്ചതു. പൂർണ്ണ സത്യം ആരിലും ഇല്ല; ഒരിടത്തുമില്ല. അതുകൊണ്ടു എല്ലാവരേയും ഒരുപോലെ അംഗീകരിക്കാം എന്ന അഭിപ്രായക്കാർ ഉണ്ട്. അതിൽ അടങ്ങിയിരിക്കുന്ന അപാകത എന്തെന്നാൽ ഉപദേശ വൈപരീത്യത്തെ അംഗീകരിക്കുന്നു എന്നതാണ്. ഉപദേശ ഐക്യം വേണമെന്നുള്ള ദൈവത്തിന്റെ ഹിതത്തെ അവർ മാനി

ക്കുന്നില്ല. ഇന്നു വിപരീതോപദേശമാണ് ആളുകളെ ത
മ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത് ദൈവഹിതത്തിനെതിരാണ്
അത്. എല്ലാവരും അജ്ഞാനികളായ പാപികൾ എന്നന്യാ
യ വാദത്തിൽ കഴിയുന്നവർ ഉണ്ട്. പക്ഷേ അതു തെററിൽ
നിന്നു തിരിയാതിരിക്കാനുള്ള ഒഴിവു കഴിവു മാത്രമാണ്.
നമുക്ക് ഒന്നും അറിഞ്ഞുകൂടാ എന്നു പറയുന്നവർ സത്യം
അറിയാൻ പരിശ്രമിക്കണം. എല്ലാം അറിയാമെന്നു പറ
യുന്നവർ ബൈബിൾ പരിജ്ഞാനവുമായി തങ്ങളുടെ അ
റിവ് താരതമ്യം ചെയ്യണം.

ബൈബിൾ എന്ന ഈ ഗ്രന്ഥം മാത്രം പോരാ എന്നു
പറയുന്നവർ ഉണ്ട്. അവർ വചനത്തോടു കൂട്ടു ചേർക്കു
വാൻ ആഗ്രഹിക്കുന്നവരാണ്. എല്ലാവരും പാപികൾ ആ
ണെന്ന പ്രസ്താവന പോലും ആളുകൾ തെററായി ഉപ
യോഗിക്കുന്നുണ്ട്. സത്യത്തെ കോട്ടികളയുന്നവർക്കു എ
ന്തിനെയും വളച്ചൊടിക്കാമല്ലോ. അറിവില്ലാതെ, ബലഹീ
നത നിമിത്തം എപ്പോഴെങ്കിലും ഒരു തെററു ചെയ്തവനെ
യല്ല പാപി എന്ന പേരിൽ മുദ്ര കുത്തുന്നതു. പാപത്തി
ൽ ജീവിക്കുന്നവരെയാണ് പാപികൾ എന്നു വിളിക്കുന്ന
ത്. മാനസാന്തരപ്പെടുന്നതുകൊണ്ടാണല്ലോ ഒരാൾ പാപ
ത്തിൽ ജീവിക്കാത്തതു. പാപ സ്വഭാവത്തിൽ നിന്നു ഒരാ
ൾക്കു പിൻതിരിവാൻ കഴിയണമെങ്കിൽ അയാൾക്കു അതി
നു മനസു വേണം. പാപികളുടെ പ്രാർത്ഥന ദൈവം
കേൾക്കുന്നില്ല എന്നും ദൈവേഷ്ടം ചെയ്തു ദൈവ ഭക്
തനായിരിക്കുന്ന ഒരാളുടെ പ്രാർത്ഥന ദൈവം കേൾക്കു
ന്നുവെന്നും വചനം നമ്മെ പ്രബോധിപ്പിക്കുന്നു (യോഹ
ന്നാൻ 9:31).

എല്ലാ ക്രിസ്ത്യാനികളും പാപികൾ ആണെന്നാണ്
മുൻപറഞ്ഞ വാക്യം അർത്ഥമാക്കുന്നതെങ്കിൽ ആരുടേ
യും പ്രാർത്ഥന ദൈവം കേൾക്കുകയില്ലല്ലോ. പൌലോ
സിൻെറ ഗലാത്യ ലേഖനം അതിൻെറ യഥാർത്ഥ അർത്ഥ
ത്തെ വെളിപ്പെടുത്തുന്നുണ്ട്. സ്വഭാവത്താൽ ജാതികളിൽ

നിന്നോ, യെഹൂദന്മാരിൽ നിന്നോ പരിവർത്തനം ചെയ്തവർ ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർ ആകുന്നു. പിന്നീട് അവരെ പാപികളായിട്ടല്ല ദൈവം കണക്കാക്കുന്നതു. ദൈവം നീതി കണക്കിടുന്ന മനുഷ്യർ ഭാഗ്യവാന്മാർ എന്നു എഴുതിയിരിക്കുന്നു. ക്രിസ്തുവിലായി തീർന്നവരും പാപികൾ ആകുന്നുവെങ്കിൽ ക്രിസ്തുവിൻെറ പാപത്തിൻെറ ശുശ്രൂഷക്കാരൻ എന്നു വരികയില്ലയോ ? അങ്ങനെ ഒരു നാളും പറയാവുന്നതല്ല (ഗലാത്യർ 2:17).

ഈ ലേഖനം എഴുതുന്നതിൻെറ ഉദ്ദേശം സത്യം വെളിപ്പെടുത്തുക എന്നതാണ്. ഒരു തെങ്ങിൻതൈ എൻെറ പുരയിടത്തിൽ നട്ടു എന്ന കാരണത്താൽ ഞാൻ കൃഷിക്കാരൻ ആകുന്നില്ല. എന്നാൽ വിവിധ തരം കൃഷികൾ തുടർച്ചയായി ചെയ്യുന്നവരെയാണ് കൃഷിക്കാർ എന്നു വിളിക്കുന്നതു. അതുപോലെ പാപത്തിൽ നിരന്തരമായി ജീവിക്കുന്നവരെ പാപികൾ എന്നു വിളിക്കുന്നു. അല്ലാത്തവരെ നാം പാപികളുടെ ഗണത്തിൽ പെടുത്താവുന്നതല്ല. യോഹന്നാൻ പതിനാലാം അദ്ധ്യായം ആറാം വാക്യത്തിൽ യേശു പറഞ്ഞു; ഞാൻ സത്യമാകുന്നു എന്ന്. അതു സൂചിപ്പിക്കുന്നതു സത്യത്തെ അറിയുവാൻ നാം യേശുവിനെ സമീപിക്കണം എന്നാണ്. യേശു സത്യത്തിൻെറ മൂർത്തീഭാവമാണ്. തൻെറ ജീവിതത്തിൻെറ എല്ലാ സന്ദർഭങ്ങളിലും അവൻ സത്യത്തിനു സാക്ഷി നിന്നു. അവൻ സ്പർശിച്ചതും വെളിപ്പെടുത്തിയതും സത്യമായിരുന്നു. യേശുവിലുള്ള ദൈവത്തിൻെറ വചനമായ സത്യം എങ്ങനെ കിട്ടും ? (യോഹന്നാൻ 17:17). സത്യത്തെ വാങ്ങുവാൻ ഓരോരുത്തരും തയ്യാറാകണം. അതു ദൈവത്തിൽ നിന്നു യേശുവിലേക്കും അവനിൽ നിന്നു അപ്പൊസ്തലന്മാരിലേക്കും പിന്നീട് ബൈബിളിലേക്കും പകർന്നിരിക്കുന്നു.

എല്ലാ വശവും ചിന്തിക്കാത്തതും കാണാത്തതുമാണ് നമ്മുടെ പ്രശ്നങ്ങളിൽ ഒന്ന്. അന്ധന്മാർ ആനയെ കാ

ണുവാൻ പോയതുപോലെയാണ് ചിലർ. അവർക്കു തോന്നുന്നതു തന്നെയാണ് ശരിയായതെന്നും അതിനപ്പുറം മറ്റൊന്നില്ല എന്നതുമാണ് അവരുടെ തോന്നൽ. ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഭൗതികമായ സത്യം മാത്രം അറിഞ്ഞു അതു മാത്രമാണ് സത്യമെന്നു വിചാരിക്കുന്നതു അറിവില്ലായ്മ കൊണ്ടാണ്. പൂർണ്ണമായ സത്യം നിലനില്ക്കുന്നുണ്ടോ എന്നു പരിശോധിക്കണം. അവരുടെ ധാർമ്മികമായ കടപ്പാടാണത്. ഒരു കാര്യത്തിൻെറ ഒരു ഭാഗം ഒരാൾ മനസിലാക്കുന്നു. വേറൊരാൾ അതിൻെറ അടുത്ത ഭാഗം മനസിലാക്കുന്നു. ഇനിയുമൊരാൾ അതിനടുത്ത ഭാഗം മനസിലാക്കുന്നു എന്നിരിക്കട്ടെ. അങ്ങനെ വന്നാൽ അവർ അവരുടെ അപൂർണ്ണമായ അറിവിലും സത്യത്തിലുമാണ് ആശ്രയിക്കുന്നത്. പൂർണ്ണമായ ജ്ഞാനവും സത്യവും രേഖപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തു പരിശോധിക്കണം. അപ്പൊസ്തലനായ പൌലൊസ് ദൈവത്തിൻെറ ആലോചന മുഴുവനായും വെളിപ്പെടുത്തി കൊടുത്തു (പ്രവൃത്തി 20:26).

സത്യം ഒരിക്കലും പരസ്പര വിരുദ്ധമാകയില്ല. എന്നാൽ ഇന്നു ദൈവ വചനം പൂർണ്ണമായി എടുക്കാത്തവരാണ് ബൈബിൾ പരസ്പര വിരുദ്ധമാണെന്നു വരുത്തി തീർക്കുന്നത്. പക്ഷെ സത്യത്തിൻെറ പൂർണ്ണ രൂപത്തെയാണ് ദൈവം അരുളിച്ചെയ്തിരിക്കുന്നത്. ഇന്നു ഇത്രയും നാമധേയ വിഭാഗങ്ങൾ യേശുവിൻെറ നാമത്തിൽ വിശ്വസിച്ച് വ്യത്യസ്ത ഉപദേശങ്ങളും ആചാരങ്ങളും അനുസരിച്ചു വരുന്നതിൻെറ കാരണം ഇതു തന്നെയാണ്. കർത്താവിൻെറ സഭയുടെ ഏകത്വത്തെ അവർ എടുത്തു മാററിയിരിക്കയാണ്.

വിശ്വാസത്തിലാണ് രക്ഷ എന്നു കരുതുന്നവരും പ്രവൃത്തികളിൽ ആശ്രയിക്കുന്നവരും ഉണ്ട്. അതു രണ്ടും സത്യത്തിൻെറ ഓരോ ഭാഗം മാത്രമാണ്.

★

# ഹാബേലിന്റെ ഉത്തമമായ യാഗം

സ്ററാൻഡ് ഫാസ്റ്റ്

വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയ്യീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു; ദൈവം അവന്റെ വഴിപാടിന്നു സാക്ഷ്യം കല്പിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു (എബ്രായർ 11:4).

പഴയ നിയമത്തിൽ പാപങ്ങളുടെ പരിഹാരത്തിനായി വിവിധ യാഗങ്ങൾ ഏർപ്പെടുത്തിയിരുന്നു. കയ്യീന്റെ യാഗത്തിലുണ്ടായ പ്രത്യേകത എന്തെന്നു പലർക്കും സംശയമുണ്ടായിട്ടുണ്ട്. അവന്റെ യാഗം തെററായതാകുവാൻ കാരണമെന്ത് എന്നു ചിന്തിക്കുന്നവർ ഉണ്ട്. കയ്യീൻ നിലത്തെ അനുഭവത്തിൽ നിന്നാണ് യഹോവക്കു വഴിപാടു കൊണ്ടു വന്നതു (ഉല്പത്തി 4:3). പക്ഷെ അവൻ കൊണ്ടു വരേണ്ടിയിരുന്നതു രക്തം അടങ്ങുന്ന യാഗമായിരുന്നു. കാരണം രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല. ദൈവേഷ്ടം എന്തെന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കാത്തതാണ് കയ്യീന്റെ പേരിലുള്ള തെററ്. അക്കാരണത്താൽ അവന്റെ യാഗം നിഷേധിക്കപ്പെട്ടു. എന്തു ചെയ്താലും ദൈവം അതു സ്വീകരിക്കും എന്നു കരുതരുത്.

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല. വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കാത്തതൊക്കെയും പാപം തന്നെ. ദൈവത്തോടുള്ള സ്നേഹ പ്രവർത്തികൾ വിശ്വാസത്തിന്റെ അനന്തര ഫലമാണ്. പൌലൊസ് നമ്മെ പ്രബോധിപ്പിക്കുന്നതു: സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമാണ് നമ്മിൽ വരേണ്ടതു എന്നാണ് (ഗലാത്യർ 5:6). ഹാബേൽ കയ്യീന്റേതിലും ഉത്തമമായ യാഗം കഴിച്ചതിന്റെ കാരണം ദൈവത്തെ

പ്രസാദിപ്പിക്കുവാൻ വേണ്ടി ചെയ്തു എന്നതാണ്. രക്തം ചിന്തിയാലല്ലാതെ പാപമോചനം സാദ്ധ്യമല്ലെന്നു എഴുതിയിരിക്കുന്നതു അവൻ ഗ്രഹിച്ചിരുന്നു (എബ്രായർ 9:22). പാപത്തിനിരയായ ആദ്യത്തെ കുടുംബത്തെ അവരുടെ നഗ്നത മറക്കുവാൻ തോൽ ധരിപ്പിക്കുന്നുണ്ട്. മൃഗബലി രൂപപ്പെടുത്തിയിരിക്കുന്നതു വരുവാനുള്ള ക്രിസ്തുവിന്റെ യാഗത്തിന്റെ മുന്നോടിയായിരുന്നു.

യെഹൂദന്മാർക്കായി ദൈവം കൊടുത്ത പൌരോഹിത്യ ശുശ്രൂഷയും യാഗങ്ങളും അവർ വിലയില്ലാതാക്കികളയുന്നുണ്ട്. അന്യാഗ്നിയുപയോഗിച്ച് ദൈവത്തെ കോപിപ്പിക്കയുണ്ടായി. അന്യായവും അക്രമവും ചെയ്തു കൊണ്ടു വെറും ഒരു ചടങ്ങിനു വേണ്ടി യാഗം കഴിക്കുന്ന അവസ്ഥ ദൈവം വെറുത്തിരുന്നു (യെശയ്യാവ് 1:11-13). അവരുടെ അകൃത്യ ബാഹുല്യം നിമിത്തം അത്ര ദൈവം അതു വെറുക്കുവാൻ കാരണം. അവരുടെ ഹൃദയവും ഈ യാഗവും തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. സത്യസന്ധമായ സമീപനമാണ് ദൈവം ആഗ്രഹിക്കുന്നത്. വചനം ശരിയായി പരിശോധിച്ചാൽ ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കുവാനിടയാക്കിയതെന്തെന്നു മനസിലാക്കാം. കർത്താവിനോടുള്ള ആദരവും ബഹുമാനവും അവന്റെ യാഗത്തിൽ അവൻ പ്രദർശിപ്പിച്ചു. ആകയാൽ അവൻ ദൈവ ദൃഷ്ടിയിൽ കുററ വിമുക്തനാകുന്നു.

ദൈവം ഹാബേലിലും അവന്റെ യാഗത്തിലും പ്രസാദിച്ചു എന്നാണ് നാം കാണുന്നത് (ഉല്പത്തി 4:4). യാഗം കഴിക്കുന്ന ഒരാളുടെ ഹൃദയ വിചാരങ്ങളം തീർച്ചയായും പരിഗണിക്കപ്പെടും. യാഗത്തിൽ മാത്രമല്ല, വഴിപാട് അർപ്പിക്കുമ്പോഴും അതു കണക്കിലെടുക്കേണ്ടതാണ്. ദൈവത്തെ ആരാധിക്കുമ്പോഴം നമ്മുടെ ഹൃദയത്തിൽ എപ്പോഴും നല്ല വിചാരമായിരിക്കണം. പൂർണ്ണ മനസോടെ വേണം ഒരോ വഴിപാടും യാഗവും അർപ്പിക്കുവാൻ. നിർ

ബന്ധത്താലോ, ശാഠ്യത്താലോ ആയിരിക്കരുത്. ഓരോരുത്തരും സ്വയമായി ചിന്തിച്ച് പ്രവർത്തിക്കേണ്ടതാണ്. ദൈവത്തിനു കൊടുക്കുന്നതിനെ സംബന്ധിച്ച് പുതിയ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു വായിക്കുക. ഒരുത്തനു മനസ്സൊരുക്കം ഉണ്ടെങ്കിൽ പ്രാപ്തിയില്ലാത്തതുപോലെയല്ല, പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ അവനു ദൈവ പ്രസാദം ലഭിക്കും (2 കൊരിന്ത്യർ 8:12).

ഹാബേലിന്റേയും കയ്യീന്റേയും മനോഭാവം നാം കണ്ടല്ലോ. നിഷ്കളങ്കനായിരുന്ന ഹാബേൽ ദൈവേഷ്ടം മാനിച്ചു പ്രവർത്തിച്ചു. എന്നാൽ കയ്യീനോ തന്റെ സ്വന്ത ഇഷ്ടപ്രകാരം ചെയ്തു ദൈവത്തോടു അനാദരവ് കാണിച്ചു. അതുകൊണ്ടു ഹാബേലിന്റെ യാഗത്തിൽ ദൈവം തൃപ്തനായി. പക്ഷെ കയ്യീന്റേതു ദൈവം സ്വീകരിച്ചില്ല. തന്റെ വീഴ്ച്ചക്കു കാരണം സഹോദരനാണെന്നു അവൻ കരുതി. സ്വന്ത തെററു മനസ്സിലാക്കാൻ അവനു കഴിഞ്ഞില്ല. അതിന്റെ അർത്ഥം അവന്റെ ഹൃദയം നേരുള്ളതായിരുന്നില്ല എന്നതാണ്. തെററായ വഴിപാട് കൊണ്ടുവന്നു എന്നതു മാത്രമായിരുന്നില്ല അവന്റെ ന്യൂനത. അവന്റെ ഹൃദയം അശുദ്ധമായിരുന്നു എന്നു നമുക്കു കാണാം. വീണ്ടും ദൈവം അവനു അവസരം കൊടുക്കുന്നുണ്ട്. നീ നന്മ ചെയ്തു എങ്കിൽ എനിക്കു നിന്നോടു പ്രസാദം തോന്നുമായിരുന്നില്ലേ എന്നു ചോദിക്കുന്നുണ്ട്. പക്ഷെ അവൻ നന്മയെക്കാൾ തിന്മയെ സ്നേഹിച്ചു തിരഞ്ഞെടുത്തു.

യഹോവ കയ്യീനോടു: നീ കോപിക്കുന്നതു എന്തിനു? നിന്റെ മുഖം വാടുന്നതും എന്തു ? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്കു ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കല്പിച്ചു (ഉല്പത്തി 4:6-7). അവരു

ടെ രണ്ടുപേരുടേയും യാഗങ്ങളിൽ ഉണ്ടായിരുന്ന വ്യത്യാസം എന്തെന്നു മനസിലാക്കുവാൻ ഇതു സഹായകരമാകും.

കയ്യീൻെറ ഹൃദയ കാഠിന്യമാണ് അവൻെറ ദൈവത്തോടുള്ള സമീപനത്തിൽ നാം കാണുന്നത്. തൻെറ കൃഷി ഫലം കൊടുത്തു അവനു ഹാബേലിൽ നിന്നു ഒരാടിനെ വാങ്ങാമായിരുന്നു. അതിനു പകരം തൻെറ സ്വന്ത ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുവാനാണ് അവൻ തീരുമാനിച്ചത്. അവസാനം തൻെറ സഹോദരനെ ഈ ഭൂമിയിൽ നിന്നു തന്നെ നീക്കം ചെയ്യുവാനാണ് അവൻ തുനിഞ്ഞത്. അവൻ സഹോദരൻെറ രക്തം ചിന്തിയതിനാൽ ആ രക്തം ഭൂമിയിൽ നിന്നു നിലവിളിക്കാൻ തുടങ്ങി.

നീതിമാൻെറ സാക്ഷ്യത്തെ ഭൂമിയിൽ അടിച്ചമർത്താൻ ആരാലും സാദ്ധ്യമല്ല. മനുഷ്യർ പലപ്പോഴും അതിനു ശ്രമിച്ചു വരാറുണ്ട്. എങ്കിലും അവർ വിജയിക്കാറില്ല. കയ്യീൻ ജീവിച്ചിരുന്ന സമയത്തൊക്കെയും സഹോദരൻെറ നീതിയെ മറച്ചു വെക്കാനോ തൻെറ ദുഷ്ടതയെ മൂടിവെക്കാനോ കഴിഞ്ഞില്ല. മനസിൽ നിന്നു ആ കുററാരോപണം അവനു നീക്കുവാനും കഴിഞ്ഞില്ല. അവൻെറ വേദന അധികരിച്ചു എന്നതായിരുന്നു ഫലം. ഹാബേൽ മരിച്ചു; അവൻെറ രക്തം ചിന്തപ്പെട്ടു; എങ്കിലും അവൻ സംസാരിച്ചുകൊണ്ടിരിക്കുന്നു. കയ്യീനു തൻെറ ജീവിതത്തിൽ ആ സംഭവം ഒരിക്കലും മറക്കാൻ കഴിയുമായിരുന്നില്ല.

ഹാബേലിൻെറ വിശ്വാസം വ്യർത്ഥമായിരുന്നില്ല. നൻമ ചെയ്യുന്നതിനു ആഗ്രഹിക്കുന്ന ഏതൊരാൾക്കും നല്ലൊരു സാക്ഷ്യമായിട്ടു അതു എന്നും നില്ക്കും. ലോകത്തിൽ ബഹുഭൂരിപക്ഷവും കാററിനനുസരിച്ച് ഓടുന്നവരാണ്. അതിനെതിരായി പോരാടി നില്ക്കുവാൻ ചുരുക്കം ചിലർക്കേ കഴിയൂ.

★

# ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ക്രിസ്തു

തോമസ് ആർ. ഡി.

"ഇവൻ മററുള്ളവരെ രക്ഷിച്ചുവല്ലോ; ദൈവം തിരഞ്ഞെടുത്ത ക്രിസ്തു എങ്കിൽ തന്നെത്താൻ രക്ഷിക്കട്ടെ എന്നു പ്രധാനികളും പരിഹസിച്ചു പറഞ്ഞു" (ലൂക്കൊസ് 23:35). യേശുവിൻെറ ഈ ലോകജീവിത കാലയളവിൽ ജീവിച്ചിരുന്ന മതാദ്ധ്യക്ഷൻമാരും പൊതുജനങ്ങളും അവനെ തെററിദ്ധരിച്ചിരുന്നു. ദൈവം തിരഞ്ഞെടുത്ത ക്രിസ്തു തന്നെത്താൻ രക്ഷിക്കുന്നതിനുവേണ്ടിയായിരുന്നില്ല മരണം തിരഞ്ഞെടുത്തത്. അതു മനസിലാക്കുന്നതിൽ അന്നത്തെ മത പുരോഹിതന്മാർ പരാജയപ്പെട്ടിരുന്നു. തൻെറ സ്വന്ത രക്ഷയായിരുന്നില്ല അവൻെറ ലക്ഷ്യം. കഷ്ടതയും വേദനയും, അപമാനവും തരംതാഴ്ത്തലും എല്ലാം അവൻ സഹിക്കുകയായിരുന്നു. അവൻ പറയുന്നതു ശ്രദ്ധിക്കുക: എൻെറ പിതാവിനോടു ഇപ്പോൾ തന്നേ പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതന്മാരെ എൻെറ അരികെ നിറുത്തേണ്ടതിനു എനിക്കു അപേക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ ? എന്നാൽ ഇങ്ങനെ സംഭവിക്കേണം എന്നുള്ള തിരുവെഴുത്തുകൾക്കു എങ്ങനെ നിവൃത്തി വരും എന്നു പറഞ്ഞു (മത്തായി 26:53-54).

യേശു അന്നു തന്നെത്താൻ രക്ഷിക്കുന്നതു തിരഞ്ഞെടുത്തിരുന്നെങ്കിൽ നമുക്കു ആർക്കും രക്ഷയില്ലാതാകുമായിരുന്നു. അവൻ വന്നതു അവൻെറ താല്പര്യം നിലനിർത്തുവാനായിരുന്നില്ല. നമ്മുടെ താല്പര്യം നിറവേററുന്നതിനായിരുന്നു. വാസ്തവത്തിൽ അവൻ വരേണ്ട സാഹചര്യം തന്നെ നമ്മളാണ് സൃഷ്ടിച്ചത്. മനുഷ്യൻെറ അകൃത്യ ഹേതുവായിരുന്നു അതിനിടയാക്കിയത്. ദുഷ്ടൻെറ കയ്യിൽ നിന്നു നമ്മെ മോചിക്കുവാൻ ആഗ്രഹിച്ചതുകൊ

ണ്ടാണ് യേശു അങ്ങനെ ചെയ്തത്. വെറും ഒരു തമാശക്കു വേണ്ടിയായിരുന്നില്ല യേശുവിൻെറ ഈ ഭൂമിയിലേക്കുള്ള വരവ്. മുഖ്യമായ ഒരുദ്ദേശം നിറവേററുന്നതിനാണ് അവൻ വന്നത്. അതു മനുഷ്യരാശിയുടെ രക്ഷയായിരുന്നു. ക്രിസ്തുവിൻെറ ക്രൂശിലെ മരണം മുഖാന്തരം നമ്മെ രക്ഷിക്കുവാൻ ദൈവം ഒരു വഴി ഒരുക്കുകയായിരുന്നു. നമ്മുടെ നാശം ഒഴിവാക്കുവാൻ ദൈവത്തിൻെറ പദ്ധതിയാണ് യേശു നിറവേററിയത്.

മനുഷ്യരുടെ രക്ഷക്കു ഏക വഴിയാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത്. അതു യേശുക്രിസ്തു എന്ന ഏക വഴിയാണ് (യോഹന്നാൻ 14:6). ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാടായിട്ടാണ് അവൻ തീർന്നതു. പിതാവായ ദൈവത്തിനു തന്നിൽ തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽ തന്നെ ജീവനുണ്ട് (യോഹന്നാൻ 5:26). പിതാവായ ഏക ദൈവമേ നമുക്കുള്ളു; അവൻ സകലത്തിനും കാരണ ഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു; യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു. എന്നാൽ എല്ലാവരിലും ഈ അറിവില്ല. ഈ ലോകത്തിനു അടിസ്ഥാനമിടുന്നതിനു മുൻപു തന്നെ ദൈവ മനസിൽ ഒരു യാഗം ഉണ്ടായിരുന്നു. അതു യേശുവിൻേറതായിരുന്നു. ജീവൻെറ കർത്താവു മാത്രമെ അതിനു തയ്യാറായുള്ളു. നമുക്കു വേണ്ടി അവൻ മരണം സ്വയമായി ഏററുവാങ്ങി. മനുഷ്യവേഷമെടുത്തു തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്നു. നമുക്കു വേണ്ടിയായിരുന്നു അവൻ അതു ചെയ്തതു.

സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവ

ൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിനും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേററവനും ആകുന്നു. അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെ കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊസ്യർ 1:16_20).

കുഞ്ഞാടു അറുക്കപ്പെട്ടതുകൊണ്ടാണ് നമ്മുടെ പേർ ജീവപുസ്തകത്തിൽ എഴുതപ്പെടുമാറായതു. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട് എന്നാണ് പറഞ്ഞിരിക്കുന്നത് (വെളിപ്പാട് 13:8). ദൈവ വിശുദ്ധിയും നീതിയും ഒരേ സമയത്തു നിറവേറിയതു ക്രിസ്തുവിന്റെ യാഗത്താലായിരുന്നു. സ്വാതൃപ്തിയോ അല്ലെങ്കിൽ സ്വാർത്ഥതയോ അവനിൽ ഉണ്ടായിരുന്നേയില്ല. സർവ്വ മനുഷ്യരേയും മുൻ കണ്ടുകൊണ്ടായിരുന്നു അവൻ ചെയ്ത പ്രവർത്തികൾ ഒക്കെയും. ഇതു മനസിലാക്കുവാനാണ് ആളുകൾ ശ്രമിക്കേണ്ടതു.

നാം യേശുവിനോടു അനുരൂപപ്പെടേണ്ടതാണെന്ന കാര്യം തിരിച്ചറിയുന്നതിൽ അധികം പേരും പരാജയപ്പെടുന്നു എന്നതാണ് പരമാർത്ഥം. എല്ലാം ക്ഷമയോടെയാണ് അവൻ ചെയ്തിരുന്നത്. എല്ലാ കാര്യത്തിലും അവൻ താഴ്മ ധരിച്ചിരുന്നു (ഫിലിപ്പിയർ 2:8). നാം ക്രിസ്തുവിനെ അനുഗമിച്ചതുകൊണ്ടു പരിഹാസം, കഷ്ടത, വേദന, തരംതാഴ്ത്തൽ എന്നിവ എല്ലാം സഹിക്കാനൊരുങ്ങണം (ഫിലിപ്പിയർ 1:29). അതു ദൈവം തന്നെ വെച്ചതാകുന്നു. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല,

അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു. ക്രിസ്തുവിനു ലഭിച്ചതായ തേജസ് നമുക്കും ലഭിക്കേണ്ടതിനു അവന്റെ സ്വഭാവത്തോടു നാം അനുരൂപരായി തീരണം. അതിനു അവൻ നമുക്കു കാണിച്ചുതന്ന മാതൃക നാം സ്വീകരിക്കണം.

ക്രിസ്തു തിരഞ്ഞെടുത്തത് മററുള്ളവരുടെ രക്ഷക്കായി സ്വയം ഏല്പിച്ചുകൊടുക്കുന്നതാണ്. നാമും മററുള്ളവരുടെ രക്ഷക്കായി നമ്മുടെ ജീവിതം ഉഴിഞ്ഞു വെക്കേണ്ടതാണ്. എങ്കിലേ മററുള്ളവർക്കു ജീവൻ ലഭിക്കയുള്ളു. ഒരാൾക്കു രക്ഷ കിട്ടുന്നതു ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ പങ്കാളിയാകുമ്പോഴാണ് (റോമർ 6:3-4). നാം നമുക്കു തന്നെ ഊന്നൽ കൊടുക്കാതെ ക്രിസ്തുവിനു ഊന്നൽ കൊടുക്കണം. മരിച്ച് ഉയിർത്തെഴുന്നേററ ക്രിസ്തു മാത്രമാണ് രക്ഷകൻ. അവൻ മാത്രമാണ് നമ്മുടെ മദ്ധ്യസ്ഥൻ (1 തിമൊഥെയൊസ് 2:5). ജീവന്റെ ഉത്ഭവം ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ജീവിതം മററുള്ളവരെ സ്വാധീനിക്കത്തക്കതായിരുന്നു. നാം അവനിൽ ആയി തീരുന്നതോടെ നാമും അങ്ങനെ ആയി മാറണം.

നിത്യജീവനെ കേന്ദ്രീകരിച്ചാണ് നാം ചിന്തിക്കുന്നതെങ്കിൽ നമ്മുടെ ചിന്ത ശരിയായ ദിശയിൽ തന്നെയാണ്. അവനിൽ വിശ്വാസം അർപ്പിച്ച് പരമാർത്ഥ ഹൃദയത്തോടെ പിൻപററുന്നുവെങ്കിൽ നമ്മുടെ നിരാശ മാറി പ്രത്യാശ ലഭിക്കും. അവനിൽ വേരൂന്നി വളരുന്നവർ തങ്ങളെത്തന്നെ കരുതാതെ നമുക്കു ചുററും വസിക്കുന്നവരെ ഓർക്കും. അവരുടെ രക്ഷക്കായി പ്രവർത്തിക്കും. അവൻ വിലയേറിയ യാഗമായി തീർന്നതു നമുക്കു വേണ്ടിയായിരുന്നു. നമ്മെ അവൻ ഓർത്തതുകൊണ്ടാണ്; നമ്മോടുള്ള സ്നേഹം നിമിത്തം ആണ് അങ്ങനെ ചെയ്തതു.

★

YOUR ATTENTION PLEASE

# Radio Srilanka Broadcasts

| | |
|---|---|
| NGLISH- | The Voice Of Truth- Speakers: **Reggi Gnanasundaram** And J.C.Choate Fridays: 7:45 to 8:00 p.m.All Correspondence should be sent to Post Box.3815 New Delhi-110049 |
| IINDI- | Sathya Susamachar.Speaker- **Sunny David** At 8:45 p.m. on Sundays and 9:00 p.m on Thursdays<br>All Correspondence should be sent to Post Box.3815 New Delhi-110049 |
| KANNADA- | The Voice Of Truth. Speaker-**Robert Rathnakar**<br>Box. 448,Bangalore- 560004<br>Sundays: 1:45 to 2:00 p.m. |
| ИALAYALAM- | The Voice Of Truth. Speaker- **P.K.Varghese**<br>All Correspondence should be sent to<br>Post Box. 5540<br>Trivandrum 695034, Kerala, India<br>Fridays: 3:45 p.m. |
| TAMIL- | The Way Of Truth. Speaker- **P.R.Swamy**<br>At 6:45 p.m. on Sundays, 5:45 p.m. on Thursdays, and 5:30 p.m. on Fridays |
| TELUGU- | The Voice Of Truth. Speaker- **Joshua Gootam**<br>At 2:00 p.m. on Mondays, Tuesdays, Thursdays, And Sundays. All Correspondence should Be sent to Post Box. 80, Kakinada 533001 |

**ALL ARE ENCOURAGED TO LISTEN**

Reg. No.K. Dis 90095/86/A8. Reg. No.KL/TV (N) 22/2001

JOIN US FOR WORSHIP

# THE CHURCH OF CHRIST MEETS

TO **worship** on
**Sundays at 10 a.m**
And for **Bible study**
On **Tuesdays at 6 p.m**
T.C.27/225
**THAMPURANMUKKU**
Trivandrum – 695037
**ALL ARE WELCOME**

All correspondence should be sent to The Editor
Bible Truth Post Box No.5540, Trivandrum-34, Kerala, India

**From**

**THE BIBLE TRUTH**
**Church Of Christ**
Thampuranmukku
**Trivandrum – 695037**
Kerala, India
Phone : 303378

TO